[redacted] [redacted]

# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2919 10.03.2017 ൽ മറുപടിക്ക്</u>**

**<u>ടോൾ ബൂത്തുകൾ വഴി അടിയന്തര വാഹനങ്ങൾ കടത്തിവിടുന്നതിന് സംവിധാനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ടോൾ ബൂത്തുകൾ വഴി അത്യാസന്ന നിലയിലുള്ള രോഗികളുമായി എത്തുന്ന വാഹനങ്ങളും മറ്റ് അടിയന്തര വാഹനങ്ങളും കടത്തിവിടുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്ത് തരം സംവിധാനമാണ് ഇതിനായി ഒരുക്കിയിട്ടുള്ളത്; | എ) എഗ്രിമെന്റ് പ്രകാരം പ്രത്യേക വ്യവസ്ഥകൾ ഒന്നും തന്നെ ഇല്ലെങ്കിലും ടോൾ ബൂത്തുകൾ വഴി അത്യാസന്നനിലയിലുള്ള രോഗികളുമായി എത്തുന്ന വാഹനങ്ങളെയും മറ്റ് അടിയന്തര വാഹങ്ങളെയും കാലതാമസം കൂടാതെ കടത്തി വിടുന്നുണ്ട്. ടോൾ പ്ലാസയുടെ ഇരുവശങ്ങളിലും ഇപ്പോൾ തന്നെ ഓരോ എമർജൻസി ലൈൻ പ്രവർത്തിക്കുന്നുണ്ട്. |
| ബി) ടോൾ ബൂത്തുകൾക്ക് സമീപം അത്യാസന്ന നിലയിലുള്ള രോഗിയുമായെത്തിയ വാഹനം തടഞ്ഞിട്ടതു മൂലം രോഗി മരണപ്പെട്ടതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനിടയാക്കിയവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) കൺസഷണർ ആണ് റോഡുകളുടെ യൂസർ ഫീ കളക്ട് ചെയ്യാറുള്ളത്. അത്യാസന്ന നിലയിലുള്ള രോഗികളുമായി എത്തുന്ന വാഹനം ഒരിക്കലും തടയാറില്ലാത്തതും എമർജൻസി ലൈനിൽ കൂടി കടന്നു പോകാൻ അനുവദിക്കുന്നതുമാണ്. ടോൾ ബൂത്തുകൾക്ക് സമീപം അത്യാസന്ന നിലയിലുള്ള രോഗികളുമായി എത്തുന്ന വാഹനം തടഞ്ഞിട്ടതുമൂലം രോഗി മരണപ്പെട്ടതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | സി) അത്യാസന്ന നിലയിലുള്ള രോഗികളുമായി വരുന്ന വാഹനം സാധാരണ വാഹനങ്ങൾക്കിടയിൽപ്പെട്ടു പോയതായി ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ കൺസഷണർ ഏതെങ്കിലും തിരക്കു കുറഞ്ഞ ലെയിനിൽ കൂടി കടത്തി വിടുന്നതാണ്. ഇതു കൂടാതെ ടോൾ പ്ലാസയുടെ ഇരുവശങ്ങളിലും എമർജൻസി ലൈൻ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ